

ബ്രഹ്മസ്ഥാന ക്ഷേത്രോത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം കൈമനം ആശ്രമത്തിൽ നടന്ന സത്സംഗത്തിൽ പങ്കെടുക്കാനെത്തിയ മാതാ അമൃതാനന്ദമയിക്ക് കേരളകൗമുദി ഡയറക്ടർ ശൈലജ രവി ഹാരാർപ്പണം നടത്തുന്നു. കേരളകൗമുദി ജോയിന്റ് മാനേജിംഗ് ഡയറക്ടർ ദർശൻ രവി സമീപം




പ്രകൃതിയിൽ സ്വാഭാവികമായി ഉണ്ടാകുന്ന ചില രൂപങ്ങളും ആകൃതികളുമൊക്കെ മനുഷ്യരിൽ ആകാംക്ഷയും ആശങ്കയും ഉണ്ടാക്കാറുണ്ട്.

ഇത്തരത്തിൽ അമേരിക്കയിലെ വെസ്റ്റ്ബ്രൂക്കിലുള്ള പ്രെസ്യുമ്സ്കോട്ട് എന്ന നദിയിൽ പ്രത്യക്ഷപ്പെട്ട വൃത്താകൃതിയിലുള്ള അപൂർവ പ്രതിഭാസമാണ് ഇപ്പോൾ ഗവേഷകർക്കിടയിൽ ചർച്ച. നദിയിൽ മഞ്ഞു കൊണ്ടു രൂപപ്പെട്ട ഈ വൃത്തം, ചക്രം പോലെ കറങ്ങുകയും ചെയ്യുന്നുണ്ട്. അന്യഗ്രഹജീവിയാണെന്നും പറക്കുംതളികയാണെന്നുമൊക്കെയായിരുന്നു വിവിധ അഭിപ്രായങ്ങൾ. എന്നാലിപ്പോൾ വിശദീകരണവുമായി ഗവേഷകർ തന്നെയെത്തിയിട്ടുണ്ട്.

തീരെ കനം കുറഞ്ഞ ഒരു മഞ്ഞു പാളിയാണ് നദിയിൽ രൂപപ്പെട്ടത്. ഡിസ്കിനോട് സാമ്യമുള്ള രൂപമായതിനാൽ ഐസ് ഡിസ്ക് എന്നതാണ് ഈ പ്രതിഭാസത്തിനു നൽകിയിരിക്കുന്ന പേര്. ഇത് അത്യപൂർവമായി മാത്രം സംഭവിക്കുന്ന ഒരു പ്രതിഭാസമാണ്. സാധാരണ ഗതിയിൽ ധ്രുവപ്രദേശങ്ങളോടു ചേർന്നു കിടക്കുന്ന അലാസ്കയിലും സൈബീരിയയിലും നദികളിൽ ശൈത്യകാലത്തിന്റെ അവസാനത്തിലാണ് ഇവ രൂപപ്പെടുക.

90 മീറ്റർ വിസ്തൃതിയാണ് വെസ്റ്റ് ബ്രൂക്കിൽ രൂപപ്പെട്ട ഈ മഞ്ഞു ചക്രത്തിനുണ്ടായിരുന്നത്. സാധാരണ കാണപ്പെടുന്ന ഐസ് ഡിസ്കുകളേക്കാൾ ഇതിനു വലുപ്പവും കൂടുതലുണ്ടെന്ന് ഗവേഷകർ പറയുന്നു. ഒരു പക്ഷേ, ലോകത്ത് ഇതേവരെ കണ്ടെത്തിയതിൽ വച്ച് ഏറ്റവും വലിയ ഐസ് ഡിസ്ക് ആയേക്കാം ഇതെന്നും അഭിപ്രായമുണ്ട്. 19-ാം നൂറ്റാണ്ടിലാണ് ആദ്യമായി ഐസ് ഡിസ്ക് കണ്ടെത്തിയതായി റിപ്പോർട്ടു ചെയ്യപ്പെടുന്നത്. അന്ന് റൗണ്ട് ഐസ് കേക്ക് എന്നാണ് ഈ പ്രതിഭാസത്തെ ഗവേഷകർ വിളിച്ചിരുന്നത്.

# അറവുശാലകൾക്ക് ആര് പൂട്ടിടും?

**സുനിൽ എസ്.കെ**

കല്ലമ്പലം: ഗ്രാമ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് അനധികൃത അറവുശാലകൾ പെരുകുന്നതായി പരാതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അറവുശാലകൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ നോക്കുകുത്തികളായി മാറിയതോടെയാണിത്. നാവായിക്കുളം, കരവാരം, ഒറ്റൂർ, മണമ്പൂർ, പള്ളിക്കൽ, മടവൂർ തുടങ്ങി ആറ് പഞ്ചായത്തുകളിലായി വിവിധ പ്രദേശങ്ങളിൽ മുന്നൂറോളം അനധികൃത അറവു ശാലകളാണ് പ്രവർത്തിക്കുന്നത്.

ഒരു പരിശോധനയും ഇല്ലാതെയാണ് ഇവിടെ ആടുമാടുകളുടെ മാംസം വിൽക്കുന്നതെന്നും ആക്ഷേപമുണ്ട്. വെറ്ററിനറി ഡോക്ടറുടെ സാന്നിദ്ധ്യത്തിൽ രോഗമില്ലെന്ന് ഉറപ്പുവരുത്തിയ ആടുമാടുകളെ മാത്രമേ കശാപ്പുചെയ്യാനും വിൽക്കാനും പാടുള്ളൂ എന്ന കർശനമായ വ്യവസ്ഥ ലംഘിച്ചാണ് പല അറവുശാലകളുടെയും പ്രവർത്തനം. അനധികൃത അറവുശാലകളിൽ കൂടുതലും പ്രവർത്തിക്കുന്നത് ഞായാറാഴ്ച ദിവസങ്ങളിൽ മാത്രമാണ്. മതകേന്ദ്രങ്ങൾ, ജനവാസകേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപം പ്രവർത്തിക്കുന്നവയുമുണ്ട്. ഇതിനെതിരെ നിരവധി തവണ പൊതുജനങ്ങൾ പരാതികൾ നൽകിയിട്ടും ഇതുവരെയും പരിഹാരമായിട്ടില്ല.



മിക്ക പഞ്ചായത്തുകളിലും അംഗീകൃത അറവുശാലകൾ പ്രവർത്തനസജ്ജമായിട്ടില്ലെന്നതാണ് ഏറെ പരിതാപകരം. നാവായിക്കുളം പഞ്ചായത്തിൽ അറവുശാലയ്ക്കുവേണ്ടി കഴിഞ്ഞ ഭരണസമിതി എട്ടുലക്ഷത്തിന്റെ പദ്ധതി നടപ്പാക്കിയെങ്കിലും ഫലം കാണാതെപോയി. അത് നടപ്പാക്കാൻ തുടർന്ന് വന്ന ഭരണസമിതി മെനക്കെട്ടില്ലെന്നും ആക്ഷേപമുണ്ട്. കരവാരം, ഒറ്റൂർ, മണമ്പൂർ എന്നീ പഞ്ചായത്തുകളിലും സ്ഥിതി വ്യത്യസ്തമല്ല. ഈ പ്രദേശങ്ങളിൽ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ള അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പരിശോധനകളില്ലെന്ന് പരാതിയുണ്ട്. അറവുശാലകൾ എല്ലാവർഷവും ലേലത്തിൽ കരാറുകാരന് നൽകുന്നതൊഴിച്ചാൽ അടിസ്ഥാനസൗകര്യവികസനത്തിന് ഒന്നും ചെയ്യാറില്ല. ഇതിന്റെ പേരിൽ വൻതുക പിരിക്കുന്നതായും ആക്ഷേപമുണ്ട്. കല്ലമ്പലം, തോട്ടയ്ക്കാട്, മണമ്പൂർ, നാവായിക്കുളം, ഡീസന്റ്മുക്ക്, പുല്ലൂർമുക്ക്, കപ്പാംവിള ഭാഗങ്ങളിൽ ഒരു മറപോലുമില്ലാതെയാണ് ഇറച്ചി വിൽപ്പന. വൃത്തിഹീനമായ സ്ഥലത്താണ് അറവുശാലകൾ പ്രവർത്തിക്കുന്നതും. അറവുശാലകളിലെ മാലിന്യം കവറിനുള്ളിലാക്കി ജനവാസമേഖലയിൽ തള്ളുന്നതും പതിവായിട്ടുണ്ടെന്ന് നാട്ടുകാർ പറയുന്നു.

> “ ജനവാസകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന അറവുശാലകൾ പുറന്തള്ളുന്ന മാലിന്യം രോഗഭീഷണി ഉയർത്തുന്നുണ്ട്. രോഗങ്ങൾ പടർന്നുപിടിക്കുന്ന ഈ സാഹചര്യത്തിൽ അനധികൃത അറവുശാലകൾ നിർത്തലാക്കി ആരോഗ്യകരമായ സാഹചര്യം സൃഷ്ടിക്കാൻ അധികൃതർ തയ്യാറാകണം.
>
> *പ്രദേശവാസികൾ*

## നെടുമങ്ങാട്ട് അറസ്റ്റിനെ ചൊല്ലിയും അക്രമം

നെടുമങ്ങാട്: പൊലീസ് സ്റ്റേഷന് നേരെയുണ്ടായ ബോംബേറിലും എസ്.ഐ അടക്കം പൊലീസ് സംഘത്തെ ആക്രമിച്ച കേസിലും അറസ്റ്റ് തുടരുമ്പോൾ ഇതേച്ചൊല്ലി ഉണ്ടാകുന്ന സംഘട്ടനങ്ങൾ നെടുമങ്ങാട്ട് സ്വൈര്യ ജീവിതം തകർക്കുന്നതായി പരാതി. ഒരാഴ്ചക്കിടെ നിരവധിയിടങ്ങളിലാണ് സംഘർഷമുണ്ടായത്. എസ്.ഐയെ ആക്രമിച്ച കേസിൽ മൂന്ന് ബി.ജെ.പി പ്രവർത്തകർ അറസ്റ്റ് ചെയ്യപ്പെട്ട ആനാട് വാഴവിളയിൽ ബന്ധുക്കളായ സ്ത്രീകൾ ഉൾപ്പടെ അഞ്ചുപേർ ചേർന്ന് ഡി.വൈ.എഫ്.ഐ പ്രവർത്തകനെ മർദ്ദിച്ചത് വിവാദമായിട്ടുണ്ട്.

പട്ടിക ജാതിക്കാരനായ യുവാവിനെ ജാതി പറഞ്ഞ് ആക്ഷേപിച്ചുകൊണ്ട് മീൻവെള്ളം ഒഴിച്ചതെന്ന് പൊലീസിൽ നൽകിയ പരാതിയിലുണ്ട്. കഴിഞ്ഞ 13 ന് വൈകിട്ടായിരുന്നു സംഭവം.

പേരുമല സ്വദേശി രാഹുലിനെ ജെ.ടി.എസിന് സമീപത്തുവച്ച് ഒരുസംഘം ആക്രമിച്ചതും ഇതേദിവസമാണ്. സംഭവത്തിൽ യുവാവ് പരാതി നൽകിയെങ്കിലും പൊലീസ് കേസ് എടുത്തില്ലെന്നും ആക്ഷേപമുണ്ട്.

ഏറ്റവുമൊടുവിൽ കെ.പി.എം.എസ് പേരുമല ഓഫീസിനു നേരെ കഴിഞ്ഞ രാത്രി വീണ്ടും പടക്കമേറുണ്ടായി. ഉഴപ്പാക്കോണത്ത് വനിതാമതിലിൽ പങ്കെടുത്തതിനെ ചൊല്ലി സമുദായ സംഘടന ഭാരവാഹിയെ ഫോണിൽ ഭീഷണിപ്പെടുത്തുന്നത് സംബന്ധിച്ചും കേസ് എടുക്കുന്നില്ലെന്ന് പരാതിയുണ്ട്.

## പനയ്ക്കോട്-പന്നീക്കോണം റോഡ് ഉദ്ഘാടനം

വിതുര: തൊളിക്കോട് പഞ്ചായത്തിലെ പനയ്ക്കോട് വാർഡിൽ നിർമ്മിച്ച പനയ്ക്കോട്-കവിയൂർ-പന്നീക്കോണം റോഡിന്റെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് ആനാട് ഡിവിഷൻ മെമ്പർ ആനാട് ജയൻ നിർവഹിച്ചു. തൊളിക്കോട് പഞ്ചായത്ത് പ്രസിഡന്റ് ഷംനാനവാസ് അദ്ധ്യക്ഷത വഹിച്ചു. പനയ്ക്കോട് വാർഡ്മെമ്പർ നട്ടുവൻകാവ് വിജയൻ, തേവൻപാറ വാർഡ്മെമ്പർ എൻ.എസ്.ഹാഷിം, ചെരുവക്കോണം സുകുമാരൻ എന്നിവർ പങ്കെടുത്തു. ആനാട് ജയന്റെ പ്രാദേശികവികസന ഫണ്ടിൽനിന്നും അനുവദിച്ച 15 ലക്ഷം രൂപ വിനിയോഗിച്ചാണ് റോഡ് നിർമ്മിച്ചത്.

## ജെ.എൻ രാജൻ സ്മാരക കവിതാ പുരസ്കാരം അഖിലൻ ചെറുകോടിന്



കാട്ടാക്കട: പൂഴനാട് നീരാഴികോണം ഭാവന ഗ്രന്ഥശാലയുടെ ജെ.എൻ രാജൻ സ്മാരക കവിതാ പുരസ്കാരം യുവകവി അഖിലൻ ചെറുകോടിന്. ഭാവനയുടെ പ്രഥമ സെക്രട്ടറിയും കവിയും അദ്ധ്യാപകനുമായിരുന്ന ജെ.എൻ രാജന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയതാണ് പുരസ്കാരം.




*പ്രവാസി ഭാരതീയ കേരളയുടെ വിദ്യാതിലക് അവാർഡ് സരസ്വതി വിദ്യാലയ ചെയർമാൻ ഡോ. ജി. രാജമോഹൻ ഗവർണർ ജസ്റ്റിസ് പി. സദാശിവത്തിൽ നിന്ന് സ്വീകരിക്കുന്നു*